മറ്റ് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ അംഗീകരിക്കുന്ന നടപടി

97 (2077) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദൂര വിദ്യാഭ്യാസ പദ്ധതിപ്രകാരം ഇൻഡ്യയിലെ മറ്റു യൂണിവേഴ്സിറ്റികൾ നടത്തുന്ന ഡിഗ്രികളും സർട്ടിഫിക്കറ്റുകളും സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾ അംഗീകരിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) ഇതു സംബന്ധിച്ച് കേരള ഹൈക്കോടതി സംസ്ഥാനത്തെ യൂണിവേഴ്സിറ്റികൾക്ക് പലപ്പോഴായി നൽകിയ ഉത്തരവുകൾ പാലിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കോടതിയുടെ ഉത്തരവനുസരിച്ച് ഇതു സംബന്ധിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റികൾക്ക് നൽകുമോ ?

ഉത്തരം

(എ&ബി) സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റികൾ റഗുലർ കോഴ്സുകൾ വഴി നൽകുന്ന ഡിഗ്രികൾക്ക് ഇതര യൂണിവേഴ്സിറ്റികളുടെ പ്രത്യേക അംഗീകാരത്തിന്റെ ആവശ്യകത ഇല്ല. എന്നാൽ ലിബറലൈസ്ഡ് സ്കീമിൽ ഉൾപ്പെടുന്ന വിദൂരവിദ്യാഭ്യാസ പദ്ധതിപ്രകാരം ഇൻഡ്യയിലെ മറ്റു യൂണിവേഴ്സിറ്റികൾ നടത്തുന്ന ഡിഗ്രികളും സർട്ടിഫിക്കറ്റുകളും അതാതു യൂണിവേഴ്സിറ്റികളുടെ അക്കാദമിക് കൗൺസിലുകളുടെ അംഗീകാരമുണ്ടെങ്കിലേ അംഗീകരിക്കപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് യൂണിവേഴ്സിറ്റികളുടെ അക്കാദമിക് കൗൺസിലുകളാണ്.

(സി&ഡി) ഹൈക്കോടതി യൂണിവേഴ്സിറ്റികൾക്ക് നൽകിയ ഉത്തരവുകൾ പാലിച്ചിട്ടില്ലെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതി സർക്കാരിന് നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകുകയാണെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിദ്യാർത്ഥികളുടെ പരാതികൾക്ക് പ്രശ്ന പരിഹാര ബോർഡുകൾ

98 (2078) ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
ശ്രീമതി ആർ. ലതാദേവി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. സി. എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly